DESPATCHED
08/06/2020
17.2.20

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1844(7)/2014**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 11187/എസ്.ഐ.സി–ജി 6/2014)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

ശ്രീമതി ഷൈന എം,
ഷൈജു നിവാസ്, പി.ഒ.അലവിൽ,
കണ്ണൂർ– 670 008. } **അപ്പീൽ ഹർജിക്കാരി**

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി,
   തലശ്ശേരി മുനിസിപ്പാലിറ്റി,
   കണ്ണൂർ.
2. അപ്പീൽ അധികാരി,
   തലശ്ശേരി മുനിസിപ്പാലിറ്റി,
   കണ്ണൂർ.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03.05.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 28.05.2014 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 27.06.2014 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 03.07.2014 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 16.07.2014 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 18.07.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 21.01.2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കൊല്ലം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി ഷൈന എം, 16.07.2014 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭ്യമായ മറുപടി അപൂർണ്ണവും തൃപ്തികരമല്ലെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 03.05.2014 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് താഴെപറയുന്ന വിവരങ്ങളായിരുന്നു:

i. തലശ്ശേരി താലൂക്കിൽ തലശ്ശേരി വില്ലേജിൽ പ.സ.94/9, റി.സ.22 ൽ പ്പെട്ട തലശ്ശേരി മുനുസിപ്പാലിറ്റിയുടെ കീഴിൽ വരുന്ന പഴയ സ്റ്റാന്റിൽ നിന്ന് പുതിയ സ്റ്റാന്റിലേക്ക് പോകുന്ന എൻ.സി.സി റോഡിന്റെ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചതെപ്പോൾ? നിർമ്മാണം പൂർത്തീകരിച്ചതെപ്പോൾ

ii. മേൽ പറഞ്ഞ് എൻ.സി.സി റോഡ് നിർമ്മിക്കുന്നതിനു വേണ്ടി ആരിൽ നിന്നൊക്കെ മുനിസിപ്പാലിറ്റി സ്ഥലം അക്വയർ ചെയ്തിട്ടുണ്ട്? അവരുടെ പൂർണ്ണമായ പേരു വിവരങ്ങൾ നൽകുക? ഓരോരുത്തരിൽ നിന്നും എത്ര സെന്റ് വീതം അക്വയർ ചെയ്താണ് എൻ.സി.സി റോഡ് നിർമ്മാണം പൂർത്തീകരിച്ചത്? അവർക്ക് എന്തെങ്കിലും നഷ്ട പരിഹാരം നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ഓരോരുത്തർക്കും എത്ര രൂപ വീതം കൊടുത്തു? എന്നതുമായി ബന്ധപ്പെട്ട് 5 ഇനങ്ങളിലായുള്ള വിവരങ്ങളായിരുന്നു.

3. രണ്ടാം എതിർകക്ഷി 26.08.2014 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് 28.05.2014 ൽ മറുപടി നൽകിയിട്ടുണ്ടെന്നും ടി മറുപടി തൃപ്തികരമല്ലാത്തിനാൽ ഒന്നാം അപ്പീൽ സമർപ്പിക്കുകയും ചെയ്തു. അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ സമയബന്ധിതമായി തന്നെ മറുപടി നൽകിയിട്ടുള്ളതിനാൽ ആയതിന്റെ പകർപ്പ് ഒരിക്കൽ കൂടി അനുവദിച്ചു കൊണ്ട് 03.07.2014 ൽ അപ്പീൽ തീർപ്പാക്കി ഉത്തരവ് നൽകുകയും ചെയ്തു എന്നുമറ്റുമാണ്.

5. ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 21.01.2020 ൽ കമ്മീഷൻ ഹിയറിംഗ് പോസ്റ്റു ചെയ്തതനുസരിച്ച് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഹാജരായിരുന്നു. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല.

6. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്കും അപ്പീലിനും സമയബന്ധിതമായി എതിർകക്ഷികൾ മറുപടി നൽകിയതായി കമ്മീഷൻ വിലയിരുത്തുന്നു. ടി സാഹചര്യത്തിൽ ടി അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ ആവശമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**

JN

STATE INFORMATION COMMISSION ... THIRUVANANTHAPURAM

RIGHT TO INFORMATION